

വിശുദ്ധ ഖുർആൻ ഭൗതിക ശാസ്ത്രം പഠിപ്പിക്കാൻ അവതരിപ്പിച്ച ഗ്രന്ഥമല്ല. അതിന്റെ പ്രമേയം അതിഭൗതികവും ആത്മീയവുമായ രഹസ്യങ്ങളും ധർമശാസ്ത്രവുമാണ്. അതിനുള്ള ഭാഷയും ശൈലിയുമാണ് ഖുർആൻ ഉപയോഗിച്ചിട്ടുള്ളത്. ആത്മാവും ശരീരവും എന്ന പോലെ രണ്ടും–ഭൂതവും അതിഭൂതവും–അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. അവനാണ് രണ്ടിന്റെയും സ്രഷ്ടാവ്. രണ്ടിന്റെയും ഘടനയും പ്രകൃതിയും ഏറ്റം സൂക്ഷ്മമായറിയുന്നത് അവനാണ്. അതിനാൽ ഭൗതിക കാര്യങ്ങളിലോ അതിഭൗതിക കാര്യങ്ങളിലോ അവന്റെ വചനം തെറ്റാവുക അസംഭവ്യമാകുന്നു.

## ഖുർആൻ ബോധനം

എ.വൈ.ആർ

# അൽഅമ്പിയാഅ്

يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلَا يَشْفَعُونَ إِلَّا لِمَنِ ارْتَضَىٰ وَهُم مِّنْ خَشْيَتِهِ مُشْفِقُونَ ﴿٢٨﴾

**28.** അവർക്ക് മുന്നിലും പിന്നിലുമുള്ളതൊക്കെയും അവൻ അറിയുന്നുണ്ട്. അവർ ശിപാർശ ചെയ്യുകയില്ല; അല്ലാഹു തൃപ്തിപ്പെടുന്നവർക്കു വേണ്ടിയല്ലാതെ. അവന്റെ ഗാംഭീര്യത്താൽ കമ്പിതരാണവർ.

۞ وَمَن يَقُلْ مِنْهُمْ إِنِّي إِلَٰهٌ مِّن دُونِهِ فَذَٰلِكَ نَجْزِيهِ جَهَنَّمَ ۚ كَذَٰلِكَ نَجْزِي الظَّالِمِينَ ﴿٢٩﴾

**29.** അക്കൂട്ടത്തിൽ വല്ലവനും അല്ലാഹുവിനെ കൂടാതെ താനും ദൈവമാണെന്ന് വാദിക്കുന്നുവെങ്കിൽ അവന്നു നാം നരകം സമ്മാനിക്കുന്നതാകുന്നു. അതു തന്നെയാണ് ധർമധിക്കാരികൾക്കു നാം നൽകുന്ന സമ്മാനം.

أَوَلَمْ يَرَ الَّذِينَ كَفَرُوا أَنَّ السَّمَاوَاتِ وَالْأَرْضَ كَانَتَا رَتْقًا فَفَتَقْنَاهُمَا ۖ وَجَعَلْنَا مِنَ الْمَاءِ كُلَّ شَيْءٍ حَيٍّ ۖ أَفَلَا يُؤْمِنُونَ ﴿٣٠﴾

**30.** പ്രവാചക സന്ദേശം നിഷേധിക്കുന്ന ജനം അറിയുന്നില്ലെയോ? എന്തെന്നാൽ വാനലോകവും ഭൂമിയും ഒട്ടിച്ചേർന്ന് സ്ഥിതി ചെയ്യുകയായിരുന്നു. പിന്നെ നാം അവയെ വേർപ്പെടുത്തി. ജലത്തിൽനിന്ന് ജൈവവസ്തുക്കളൊക്കെയും ഉളവാക്കുകയും ചെയ്തു. ഇനിയും അവർ വിശ്വസിക്കുന്നില്ലെയോ?

**28**

يَعْلَمُ مَا بَيْنَ أَيْدِيهِمْ = അവർക്കു മുന്നിലുള്ളത് അവൻ അറിയുന്നു = وَمَا خَلْفَهُمْ = അവർക്കു പിന്നിലുള്ളതും
وَلَا يَشْفَعُونَ = അവർ ശിപാർശ ചെയ്യുകയില്ല إِلَّا لِمَنِ ارْتَضَىٰ = അവൻ തൃപ്തിപ്പെട്ടവർക്കു വേണ്ടിയല്ലാതെ
وَهُم مِّنْ خَشْيَتِهِ = അവർ അവന്റെ ഗാംഭീര്യത്താൽ, അവനെ സംബന്ധിച്ച ജാഗ്രതയാൽ
مُشْفِقُونَ = ചകിതരാകുന്നു, കമ്പിതരാകുന്നു

**അ**വർക്കു മുന്നിലുള്ളതും പിന്നിലുള്ളതും مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ എന്നു പറഞ്ഞതിൽ അവർക്ക് ഗോചരമായതും അഗോചരമായതും, കഴിഞ്ഞുപോയതും വരാനിരിക്കുന്നതും, പരസ്യമായതും പരോക്ഷമായതുമായ എല്ലാ കാര്യങ്ങളും ഉൾപ്പെടുന്നു. ഇതെല്ലാം അല്ലാഹു അറിയുന്നു എന്ന് മാത്രമല്ല, അവൻ മാത്രമേ അറിയുന്നുള്ളൂ. മലക്കുകൾക്കോ മറ്റു സൃഷ്ടികൾക്കോ ഇപ്പറഞ്ഞ തരത്തിലുള്ള ജ്ഞാനമില്ല. അവരെല്ലാം അവന്റെ ഗാംഭീര്യത്തിലും മഹത്വത്തിലും സർവജ്ഞതയിലുമുള്ള ഭയഭക്തിയാൽ കമ്പിതരായി വാഴുന്നവരാണ്. സ്വന്തം നിലയിൽ ഒരു ശിപാർശകനായി അവനെ സമീപിക്കാനുള്ള അവസ്ഥയൊന്നും ആർക്കുമില്ല. അല്ലാഹുവിനോട് ശിപാർശ ചെയ്യാൻ ആദ്യം അവനിൽനിന്ന് അനുവാദം നേടണം. അനുവാദം ലഭിച്ചാലും അവൻ തൃപ്തിപ്പെട്ടവർക്കു മാത്രമേ ശിപാർശ ചെയ്യാൻ കഴിയൂ. ശുപാർശയുടെ യാഥാർഥ്യവും അല്ലാഹുവിന്റെ സർവജ്ഞതയും അല്ലാഹുവിങ്കൽ അവനല്ലാത്തവരുടെ ശിപാർശാ യോഗ്യതയും തമ്മി

ലുള്ള വൈരുധ്യവും നേരത്തെ സൂറഃ *ത്വാഹ* 109, *മർയം* 87 സൂക്തങ്ങൾക്ക് താഴെയും ശിപാർശയെ പരാമർശിക്കുന്നതായി അതിന്മുമ്പ് വന്നിട്ടുള്ള സൂക്തങ്ങൾക്കു താഴെയും *ഖുർആൻ ബോധനം* ചർച്ച ചെയ്തിട്ടുണ്ട്. ■

**29**

وَمَن يَقُلْ مِنْهُمْ = അവരിൽനിന്ന് പറയുന്നവൻ (അക്കൂട്ടത്തിൽ വല്ലവനും വാദിക്കുന്നുവെങ്കിൽ)

إِنِّىٓ إِلَـٰهٌ = ഞാൻ ഒരു ദൈവമാകുന്നു (എന്ന്) مِّن دُونِهِۦ = അവനെ (അല്ലാഹുവിനെ) കൂടാതെ

فَذَٰلِكَ نَجْزِيهِ = അതിന്ന് നാം അവന്നു സമ്മാനിക്കുന്നു جَهَنَّمَ = നരകം كَذَٰلِكَ = അപ്രകാരം(അതു തന്നെയാണ്)

نَجْزِى ٱلظَّـٰلِمِينَ = ധിക്കാരികൾക്ക് നാം പ്രതിഫലം നൽകുന്നു(ധിക്കാരികൾക്ക് നാം നൽകുന്ന സമ്മാനം

**അ**തായത് ബഹുദൈവാരാധകർ അവരുടെ രക്ഷകരും ശിപാർശകരുമായി കരുതുന്ന ആദരണീയ ദാസന്മാർ തങ്ങൾ ദൈവങ്ങളാണെന്നോ ദിവ്യത്വത്തിൽ പങ്കാളികളാണെന്നോ അല്ലെങ്കിൽ സാക്ഷാൽ ദൈവം തങ്ങളുടെ ഇഷ്ടത്തിനൊത്തു തുള്ളുന്ന പാവയാണെന്നോ ഒന്നും വാദിച്ചിട്ടില്ല; ഒരിക്കലും വാദിക്കുകയുമില്ല. അഥവാ ദൈവത്തിന്റെ പങ്കാളികളാണെന്നോ തങ്ങളുടെ ഇഷ്ടത്തിനൊത്തേ ദൈവം പ്രവർത്തിക്കൂവെന്നോ അക്കൂട്ടത്തിൽ വല്ലവരും വാദിച്ചാൽ, നന്നായി കേട്ടുകൊള്ളുക, അത്തരക്കാർക്ക് അല്ലാഹു നൽകുന്ന സമ്മാനം കത്തിയെരിയുന്ന നരകമായിരിക്കും; അവരുടെ ശിപാർശ കേൾക്കുകയോ ആഗ്രഹം നടത്തിക്കൊടുക്കുകയോ ആയിരിക്കുകയില്ല. ഓർത്തിരിക്കുക! ഇതേ നരകം തന്നെയാണ് അല്ലാഹുവല്ലാത്തവരുടെ സംരക്ഷണത്തിലും ശിപാർശയിലും വിശ്വാസമർപ്പിച്ച് പാപങ്ങൾ ചെയ്തുകൂട്ടുന്ന എല്ലാ അതിക്രമകാരികൾക്കും അല്ലാഹു ഒരുക്കിവെച്ചിട്ടുള്ളത്. ■

**30**

أَوَلَمْ يَرَ = കണ്ടിട്ടി(അറിയുന്നി)ല്ലെയോ ٱلَّذِينَ كَفَرُوٓا۟ = (പ്രവാചക സന്ദേശം) നിഷേധിച്ചവർ(ധിക്കുന്ന ജനം)

أَنَّ ٱلسَّمَـٰوَٰتِ وَٱلْأَرْضَ = എന്തെന്നാൽ വാനലോകവും ഭൂമിയും

كَانَتَا رَتْقًا = അവ രണ്ടും ഒട്ടിച്ചേർന്നത്(ർന്ന് സ്ഥിതിചെയ്യുന്നത്) ആയിരുന്നു

فَفَتَقْنَـٰهُمَا = അപ്പോൾ (പിന്നെ) നാം അവ രണ്ടിനെയും വേർപ്പെടുത്തി

وَجَعَلْنَا مِنَ ٱلْمَآءِ = ജലത്തിൽ നിന്ന് നാം ആക്കി(ഉളവാക്കുകയും ചെയ്തു)

كُلَّ شَىْءٍ حَىٍّ = ജീവനുള്ള(ജൈവ) വസ്തുക്കളെയൊക്കെയും أَفَلَا يُؤْمِنُونَ = അവർ (ഇനിയും) വിശ്വസിക്കുന്നില്ലെയോ

رُؤْيَة യുടെ ഭാഷാർഥം കണ്ടിട്ടില്ലെയോ എന്നാണ്. أَوَلَمْ يَرَ കാഴ്ച ആണ് يرى യുടെ മൂലപദം. ഇതിൽ നിന്നുള്ള رأي അഭിപ്രായം, വിചാരം ആണ്. رأيا സ്വപ്നദർശനം. മനസ്സിലാക്കുന്നു, അറിയുന്നു, അഭിപ്രായപ്പെടുന്നു, ആലോചിക്കുന്നു തുടങ്ങിയ പ്രയോഗാർഥങ്ങളും يرى ക്ക് ഉണ്ട്. ഖുർആൻ വ്യാഖ്യാതാക്കൾ ഈ സൂക്തത്തിനു പണ്ടു മുതലേ വ്യത്യസ്ത വ്യാഖ്യാനങ്ങളാണ് നൽകിപ്പോന്നിട്ടുള്ളത്. ഓരോരുത്തരും തങ്ങൾ സ്വീകരിച്ച വ്യാഖ്യാനമനുസരിച്ച് ഈ സന്ദർഭത്തിലെ أَوَلَمْ يَرَ ക്കു അർഥം നിർണയിച്ചിരിക്കുന്നു. ഘടകങ്ങൾ പരസ്പരം ചേർന്ന ഉറച്ച വസ്തുവാണ് رتق രണ്ടു വസ്തുക്കൾ കൂടി കലർന്ന് ഒട്ടിപ്പിടിച്ചു സ്ഥിതി ചെയ്യുന്നതിനും رتق എന്നു പറയും. ഇങ്ങനെ ചേർന്നു നിൽക്കുന്നതിനെ പിളർത്തുകയും വേർപെടുത്തുകയുമാണ് فتق.

ഒരു വിഭാഗം പണ്ഡിതന്മാർ സൂക്തത്തെ വ്യാഖ്യാനിക്കുന്നതിങ്ങനെയാണ്: ഇവിടെ أَوَلَمْ يَرَ എന്നു പറയുന്നത് അവർ കാണുന്നില്ലേ എന്ന അർഥത്തിൽ തന്നെയാണ്. വചന താൽപര്യമിതാണ്: വിടവുകളൊന്നുമില്ലാതെ ഒന്നായി ചേർന്നു കിടക്കുന്നതായി കാണപ്പെടുന്ന ഭൂമിയിൽ സസ്യങ്ങൾ മുളക്കുന്നതും, അതുപോലെ വിടവുകളോ ദ്വാരങ്ങളോ ഇല്ലാതെ ചേർന്ന് സ്ഥിതി ചെയ്യുന്ന ആകാശം പിളർന്ന് മിന്നൽ പിണറുകൾ പ്രത്യക്ഷപ്പെടുന്നതും മഴ പെയ്യുന്നതും ഈ അവിശ്വാസികൾ ദൈനംദിനം കണ്ടുകൊണ്ടിരിക്കുന്ന ദൈവിക ദൃഷ്ടാന്തമാണ്. അല്ലാഹു ഭൂമി പിളർന്ന് സസ്യങ്ങൾ മുളപ്പിക്കുന്നത് സംബന്ധിച്ച് സൂറഃ *അബസ* 24-27 സൂക്തങ്ങളിലും പറയുന്നുണ്ട്:

فَلْيَنظُرِ ٱلْإِنسَـٰنُ إِلَىٰ طَعَامِهِۦٓ ﴿٢٤﴾ أَنَّا صَبَبْنَا ٱلْمَآءَ صَبًّا ﴿٢٥﴾ ثُمَّ

شَقَقْنَا ٱلْأَرْضَ شَقًّا ﴿٢٦﴾ فَأَنۢبَتْنَا فِيهَا حَبًّا ﴿٢٧﴾

(മനുഷ്യൻ അവന്റെ ആഹാരം നോക്കട്ടെ, നാം എവ്വിധം അതിനു വെള്ളം ചൊരിഞ്ഞു കൊടുക്കുന്നുവെന്നും പിന്നെ ഭൂമിയെ പിളർന്ന് ധാന്യങ്ങൾ മുളപ്പിക്കുന്നതും). ആകാശത്തെ പിളർക്കുന്നതിനെക്കുറിച്ച് സൂറഃ *അൽഖമർ* 11-ാം സൂക്തം പറയുന്നു: فَفَتَحْنَآ أَبْوَٰبَ ٱلسَّمَآءِ بِمَآءٍ مُّنْهَمِرٍ "അപ്പോൾ ആകാശ കവാടങ്ങൾ നാം കുത്തിച്ചൊരിയുന്ന മഴയാൽ തുറന്നു." *അൽ ഫുർഖാൻ* 25-ാം സൂക്തത്തിൽ പറയുന്നു: وَيَوْمَ تَشَقَّقُ ٱلسَّمَآءُ بِٱلْغَمَـٰمِ (ആകാശം മേഘങ്ങളാൽ പിളരുന്ന നാൾ). كَانَتَا رَتْقًا എന്നതിലെ كان ഭൂതകാലത്തെ സൂചിപ്പിക്കാനും ഭൂതവും വർത്തമാനവും ഭാവിയും ഉൾപ്പെടുന്ന അവസ്ഥയെ സൂചിപ്പിക്കാനും ഉപയോഗിക്കും. സ്ഥിരമായ അവസ്ഥയെ സൂചിപ്പിക്കാൻ كان ഉപയോഗിച്ചതിന് ഖുർആനിൽ ധാരാളം ഉദാഹരണങ്ങൾ കാണാം. وَكَانَ ٱللَّهُ عَلِيمًا حَكِيمًا "അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു." ഈ വ്യാഖ്യാനം ഇബ്നു അബ്ബാസ് ഉൾപ്പെടെയുള്ള പല പൂർവിക പണ്ഡിതന്മാരിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. മറ്റൊരു വ്യാഖ്യാനം ഇപ്രകാരമാണ്. ആദിയിൽ ഒരു ഭൂമിയേ സൃഷ്ടിക്കപ്പെട്ടിരുന്നുള്ളൂ. ആകാശവും ഒന്നു മാത്രം. പിന്നീട് അല്ലാഹു ആകാശത്തെ പിളർന്ന് ഏഴാകാശമുണ്ടാക്കി. ഭൂമിയെ പിളർന്നു ഏഴു ഭൂമിയും. ഇതാണ് താബിഇ പണ്ഡിതന്മാരായ മുജാഹിദിന്റെയും അബു സ്വാലിഹിന്റെയും വീക്ഷണം.

ആകാശ ഭൂമികളുടെ സൃഷ്ടി സംബന്ധിച്ച് യഹൂദരും ക്രൈസ്തവരും പുലർത്തിപ്പോന്ന വിശ്വാസത്തെയാണ് ഈ സൂക്തം പരാമർശിക്കുന്നതെന്നാണ് ഇനിയൊരഭിപ്രായം. അതി ങ്ങനെയാണ്: ദൈവം ആദിയിൽ സൃഷ്ടിച്ചത് ഒരു രത്നമാ യിരുന്നു. ആ രത്നത്തിലേക്ക് ദൈവം പ്രൗഢമായ ഒരു നോട്ടം നോക്കി. ആ നോട്ടം രത്നത്തിൽ പ്രതികരണം സൃഷ്ടിച്ചു. അത് ധൂമവും ആവിയുമായിത്തീർന്നു. ധൂമം മേലോട്ടുയർന്ന് ആകാശം നിർമിതമായി. അവശിഷ്ടം ഭൂമിയായും നിർമിത മായി. ഈ കഥ വേദക്കാർ പറഞ്ഞ് അറബികൾക്കും സുപരി ചിതമായിരുന്നു. അതുകൊണ്ടാണ് അവരോട് അറിഞ്ഞില്ലേ أَوَلَمْ يَرَ എന്നു ചോദിക്കുന്നത്. ആദിയിൽ വാനലോകവും ഭൂലോകവും പരസ്പരം ചേർന്നൊന്നായി സ്ഥിതി ചെയ്യുക യായിരുന്നുവെന്ന് പൂർവവേദങ്ങളും പ്രസ്താവിച്ചിട്ടുണ്ട് എന്നാ ണിതിൽനിന്ന് മനസ്സിലാക്കേണ്ടത്. ഒരുപക്ഷേ ആ ചേർന്നു നിൽപ്പ് ഇപ്പറഞ്ഞ രൂപത്തിൽ തന്നെ ആയിരിക്കാം. അല്ലെങ്കിൽ ഈ രൂപം വേദപണ്ഡിതന്മാരുടെ ഭാവനാ സൃഷ്ടിയുമാകാം.

ഈ സൂക്തത്തിന്റെ വിശദീകരണം നബി(സ)യിൽ നിന്ന് ഖണ്ഡിതമായി ഉദ്ധരിക്കപ്പെട്ടു കാണുന്നില്ല. ആദികാല പണ്ഡി തന്മാർ അവരുടെ അറിവിന്റെ പരിധിയിൽ നിന്നുകൊണ്ട് വ്യാഖ്യാനിക്കുകയായിരുന്നു. ആദ്യത്തെ രണ്ടു വ്യാഖ്യാന ങ്ങൾക്കാധാരം ഖുർആൻ തന്നെയാണ്. മൂന്നാമത്തേതിനാ ധാരം ബൈബിളും. അതിനാൽ അവയെ കേവലം ഭാവനാധി ഷ്ഠിതമെന്നോ അടിസ്ഥാനരഹിതമെന്നോ പറയാനാവില്ല. സൂക്തത്തിന്റെ أَوَلَمْ يَرَ എന്ന തുടക്കം, സാമാന്യ ജനങ്ങൾക്ക് സുപരിചിതമായ ദൃഷ്ടാന്തങ്ങളാണ് ചൂണ്ടിക്കാണിക്കുന്ന തെന്നു സൂചിപ്പിക്കുന്നുവെന്നതും ശ്രദ്ധേയമാകുന്നു. മഹാപ ണ്ഡിതന്മാർക്കോ ശാസ്ത്രവിശാരദന്മാർക്കോ മാത്രം മനസ്സി ലാകുന്ന ഗഹനവും നിഗൂഢവുമായ സംഗതിയല്ല അതെന്നാ ണല്ലോ അതിനർഥം.

വിസ്മയകരമായ വികാസം പ്രാപിച്ച ഭൗതികശാസ്ത്രം അവതരിപ്പിക്കുന്ന പ്രപഞ്ചോൽപത്തി സിദ്ധാന്തത്തിന്റെ പശ്ചാ ത്തലത്തിൽ വലിയൊരു വിഭാഗം ആധുനിക പണ്ഡിതന്മാർ അവതരിപ്പിക്കുന്ന വ്യാഖ്യാനമാണ് ഇന്ന് കൂടുതൽ പ്രബല മായി അംഗീകരിക്കപ്പെടുന്നത്. അത് ഏതാണ്ട് ഇങ്ങനെ സംഗ്ര ഹിക്കാം: ആദിയിൽ പ്രപഞ്ചം അഖണ്ഡമായ ഒരു പിണ്ഡമാ യിരുന്നു. ആ പിണ്ഡത്തിൽ രണ്ടായിരം കോടി കൊല്ലങ്ങൾക്കു മുമ്പ് ഒരു സ്ഫോടനമുണ്ടായി-മഹാവിസ്ഫോടനം (Big Bang). തുടർന്ന് ആ പിണ്ഡം ചിന്നിച്ചിതറി. ഗുരുത്വാകർഷണം പോലുള്ള പ്രതിഭാസങ്ങളുടെ ഫലമായി പദാർഥങ്ങളും നക്ഷ ത്രങ്ങളും സൗരയൂഥങ്ങളും ഗാലക്സികളും ഗാലക്സി ക്ലസ്റ്റ റുകളും രൂപപ്പെട്ടു. അങ്ങനെ വികസിച്ചുകൊണ്ടേയിരിക്കുക യാണ് പ്രപഞ്ചം. സൂര്യഗ്രഹത്തിൽ നിന്നു തെറിച്ചുപോയ ഒരു ഖണ്ഡമാണ് ഭൂമി. ആദിയിൽ സൂര്യനെപ്പോലെ കത്തിജ്വലി ക്കുന്ന ഗോളം തന്നെയായിരുന്നു ഭൂമി. പിന്നീട് അതിന്റെ ഉപ രിതലം തണുത്തു. അതിൽ ജീവാധാരമായ വായുവും വെള്ളവും മറ്റു ഘടകങ്ങളുമുണ്ടായി. പിന്നെ സസ്യങ്ങളും ജീവജാലങ്ങളുമുളവായി. എന്നാൽ ഭൂമിയുടെ ഉള്ളറ ഇപ്പോഴും തിളച്ചുമറിയുന്ന അഗ്നി തന്നെയാണ്. ഇടക്കിടെ അഗ്നിപർവത സ്ഫോടനങ്ങളായി അതു പുറത്തുവരാറുണ്ട്. ഈ ശാസ്ത്ര സിദ്ധാന്തമാവാം പ്രകൃത വചനം പരാമർശിക്കുന്നതെന്ന് കരു തുന്നത് യുക്തിസഹമാണ്. ചിലർ അതു തന്നെയാണെന്ന് ഉറ പ്പിച്ചുപറയുകയും ഒപ്പം ഖുർആന്റെ ശാസ്ത്രീയതക്കും അമാ നുഷികതക്കും തെളിവായി അവതരിപ്പിക്കുകയും ചെയ്യുന്നു ണ്ട്. എന്നാൽ പൂർവിക പണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങൾ അവ രുടെ നിഗമനങ്ങളാകുന്നു എന്നതുപോലെ ഈ ആധുനിക വ്യാഖ്യാനം ആധുനിക പണ്ഡിതന്മാരുടെ നിഗമനങ്ങളാകുന്നു എന്നതാണ് വാസ്തവം. മഹാവിസ്ഫോടന സിദ്ധാന്തം ശാസ്ത്രലോകം പൊതുവിൽ അംഗീകരിക്കുന്നുണ്ടെങ്കിലും അസന്ദിഗ്ധമായി തെളിയിക്കപ്പെട്ടിട്ടില്ല. ഫ്രാൻസിന്റെയും സ്വിറ്റ്സർലണ്ടിന്റെയും അതിർത്തി പ്രദേശത്ത് ഭൂമിക്കടിയിൽ സ്ഥാപിക്കപ്പെട്ട വിപുലമായ പരീക്ഷണശാലയിൽ അതിനുള്ള പരീക്ഷണങ്ങൾ നടന്നുവരികയാണ്. 1964-ൽ ശാസ്ത്രജ്ഞ നായ പീറ്റർ ഹിഗ്സും സഹപ്രവർത്തകരും പദാർഥങ്ങൾക്ക് പിണ്ഡവും ചലനവും നൽകുന്ന ഒരു കണം ഉണ്ടെന്നു സിദ്ധാ ന്തിക്കുകയുണ്ടായി. ഈ കണത്തെ കണ്ടെത്താൻ, കഴിഞ്ഞ അമ്പത് വർഷമായി ഗവേഷകർ പ്രയത്നിച്ചുവരുന്നു. 2012-ൽ നേരത്തെ സൂചിപ്പിച്ച ഗവേഷണശാലയിലെ ശാസ്ത്രജ്ഞർ ഈ കണത്തെ കണ്ടെത്തിയതായി അവകാശപ്പെട്ടിരിക്കുന്നു. പദാർഥങ്ങൾക്ക് പിണ്ഡവും ചലനവും നൽകുന്ന ഘടകമെന്ന നിലയിൽ അതിനെ 'ദൈവകണം' എന്നാണ് വിളിക്കുന്നത്. ഈ കണത്തെക്കുറിച്ച് ആദ്യം വിവരം നൽകിയ ശാസ്ത്രജ്ഞ നായ ഹിഗ്സിന്റെ പേരു ചേർത്ത് 'ഹിഗ്സ് ബോസോൺ' എന്നാണ് ശാസ്ത്രജ്ഞന്മാർ ഇട്ടിരിക്കുന്ന പേര്. പരമാണു വിനെക്കാൾ ചെറുതാണത്രെ ഈ കണം. പരമാണുവിനെ ക്കാൾ ചെറിയ കണത്തിന്റെ സാന്നിധ്യം സൂറഃ *യൂനുസ്* 61, *സബഅ്* 3 സൂക്തങ്ങൾ വെളിപ്പെടുത്തുന്നതായും പറയപ്പെടു ന്നുണ്ട്. ഈ രണ്ടു സൂക്തങ്ങളിലും 'ഒരണുവോളമുള്ളതോ അതിൽ ചെറുതോ വലുതോ ആയ ഒരു വസ്തുവും' എന്നു പറയുന്നുണ്ടല്ലോ. 1927-ൽ എഡ്വേർഡ് ലെമെയ്ത്രെ മഹാ വിസ്ഫോടന സിദ്ധാന്തം അവതരിപ്പിച്ചപ്പോൾ തന്നെ ചില ശാസ്ത്രജ്ഞന്മാർ അതിനെ നിരാകരിച്ചിരുന്നു. ഈ സിദ്ധാ ന്തത്തെ പരിഹസിച്ചുകൊണ്ട് ഫ്രെഡ്ഹോയൽ എന്ന ശാസ്ത്ര ജ്ഞൻ വിളിച്ചതാണ് 'മഹാവിസ്ഫോടനം' എന്ന പേരു തന്നെ. അതിനാൽ പ്രകൃത സൂക്തം പരാമർശിക്കുന്നത് പ്രപ ഞ്ചോൽപത്തി സംബന്ധിച്ച പ്രസ്തുത സിദ്ധാന്തം ആയിരി ക്കാൻ മികച്ച സാധ്യത ഉണ്ടെങ്കിലും അതു തന്നെയാണെന്ന് ഉറപ്പിച്ചുപറയാൻ ഇനിയും കാത്തിരിക്കേണ്ടതുണ്ട്. ശാസ്ത്ര ലോകം ഒരു നിഗമനമവതരിപ്പിക്കുമ്പോഴേക്കും ഖുർആനിനെ അതിനൊപ്പിച്ചു വ്യാഖ്യാനിക്കാൻ ധൃതിപ്പെടുന്നത് ചിലപ്പോൾ വലിയ അബദ്ധമാകും. ഇന്നത്തെ നവഗ്രഹങ്ങൾ നെപ്ട്യൂണും പ്ലൂട്ടോവും കണ്ടെത്തുന്നതിനു മുമ്പ് സപ്ത ഗ്രഹങ്ങളായിട്ടാണ് ഗണിക്കപ്പെട്ടിരുന്നത്. ആ സിദ്ധാന്തത്തെ ആസ്പദമാക്കി, ഖുർ ആൻ പറയുന്ന സപ്തവാനങ്ങൾ-سبع سماوات-സപ്തഗ്രഹങ്ങ ളാണെന്ന് വ്യാഖ്യാനിക്കുകയുണ്ടായി. ഇമാം മറാഗിയെപ്പോ ലുള്ള പ്രഗത്ഭമതികൾ പോലും അക്കൂട്ടത്തിലുണ്ടായിരുന്നു. ഭൂമി അതിന്റെ അച്ചുതണ്ടിൽ കറങ്ങുകയും സൂര്യനെ ചുറ്റുക യുമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് സൂര്യൻ നിശ്ചല മായി നിൽക്കുകയാണ് എന്നൊരു നിഗമനവും ശാസ്ത്രലോ കത്തുളവായിരുന്നു. ഈ നിഗമനവുമായി ഖുർആനിനെ യോജിപ്പിക്കാൻ ചിലർ- والشمس تجرى لمستقرلها- സൂര്യൻ അതിന്റെ സ്ഥാനത്ത് (മണ്ഡല ത്തിൽ) ചലിച്ചുകൊണ്ടിരിക്കുന്നു-എന്ന വാക്യത്തെ ചിലർ ഇങ്ങനെ വ്യാഖ്യാനിച്ചു: "സൂര്യൻ അതിന്റെ സ്ഥാനത്ത് ചലി ക്കുന്നു എന്നാൽ നിശ്ചലമായി നിൽക്കുന്നു എന്നാണർഥം." ദൈവിക വചനങ്ങളെ അന്നന്നത്തെ ശാസ്ത്രനിഗമനങ്ങളു മായി യോജിപ്പിക്കാൻ നടത്തുന്ന ഇത്തരം വ്യാഖ്യാനങ്ങൾ വെളുക്കാൻ തേച്ചത് പാണ്ടാകുന്ന അനുഭവമാണുണ്ടാക്കുക.

ഖുർആനിന്റെ അക്ഷരാർഥം മാത്രം സ്വീകരിച്ച് ശാസ്ത്ര

വിരുദ്ധമായി വ്യാഖ്യാനിക്കുന്ന പ്രവണതയും ഇതേപോലെ തന്നെയാണ്. ഭൂമിയെ ജീവജാലങ്ങൾക്കു വാസയോഗ്യമാം വണ്ണം വിസ്തൃതമായി സംവിധാനിച്ചിരിക്കുന്ന എന്ന് ഖുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. ഈ പരാമർശത്തെ ഭൂമിയുടെ ആകൃതിയെക്കുറിച്ചുള്ള പരാമർശമായി തെറ്റിദ്ധരിച്ചവർ, ഭൂമി ഒരു ഗോളമാണെന്ന സത്യം അനുഭവവേദ്യമായിട്ടും കണ്ണടച്ചു നിഷേധിച്ചു. 'ഭൂമി ഉരുണ്ടിട്ടാണെന്നു പറയുന്നവർ ഖുർആനിനെ നിഷേധിച്ചതിനാൽ കാഫിറായിരിക്കുന്നു' എന്ന് വരെ ചിലർ വിധിച്ചുകളഞ്ഞു.

ജലത്തിൽ നിന്ന് ജൈവവസ്തുക്കളെ ഉളവാക്കി-جَعَلْنَا مِنَ الْمَاءِ كُلَّ شَيْءٍ حَيٍّ-എന്നതിന് പണ്ടുമുതലേ രണ്ടു വ്യാഖ്യാനമുണ്ട്. ദ്രാവക രൂപത്തിലുള്ള ശുക്ലമാണ് ജലം കൊണ്ടുദ്ദേശ്യം എന്നാണൊരു വ്യാഖ്യാനം. ജൈവവസ്തുക്കൾ നിലനിൽക്കുന്നത് വെള്ളം കൊണ്ടാണ് എന്നാണ് രണ്ടാമത്തെ വ്യാഖ്യാനം. ജീവോൽപത്തി ജലത്തിൽ നിന്നാണെന്ന ശാസ്ത്ര സത്യം ഖുർആൻ ഖണ്ഡിതമായി പ്രസ്താവിക്കുകയാണിതെന്ന് ആധുനിക പണ്ഡിതന്മാർ പൊതുവിൽ കരുതുന്നു. സൂക്തത്തിലെ വാക്ക് കൂടുതൽ സാധൂകരിക്കുന്നതും ഈ വ്യാഖ്യാനത്തെയാണ്. 'എല്ലാ ജൈവവസ്തുക്കളെയും (ജലത്തിൽ നിന്ന് ഉളവാക്കി') كُلَّ شَيْءٍ حَيٍّ എന്നാണല്ലോ വചനം. എല്ലാ വസ്തുക്കളും ജീവനുള്ളതായി നിലനിർത്തുന്നത് വെള്ളം കൊണ്ടാണ് എന്നാണുദ്ദേശ്യമെങ്കിൽ-كل شيئ حيا-എന്നാണ് കൂടുതൽ യുക്തമായ വാക്യം. ജീവോൽപത്തിയെപ്പറ്റി പറയുന്നു എന്ന അടിസ്ഥാനത്തിലാണ് ഇവിടെ ജൈവവസ്തുക്കളൊക്കെയും എന്നു തർജമ ചെയ്തത്. 'ജൈവവസ്തുക്കൾ' എന്നതിൽ ഏകകോശ ജീവികൾ വരെയുള്ള എല്ലാ ജീവജാലങ്ങളും പൂപ്പൽ വരെയുള്ള എല്ലാ സസ്യലതാദികളും ഉൾപ്പെടുന്നു.

ഈ സന്ദർഭത്തിൽ, മുമ്പ് സൂചിപ്പിച്ചിട്ടുള്ള ഒരു കാര്യം ഒന്നുകൂടി ഓർമിപ്പിക്കുകയാണ്. വിശുദ്ധ ഖുർആൻ ഭൗതിക ശാസ്ത്രം പഠിപ്പിക്കാൻ അവതരിപ്പിച്ച ഗ്രന്ഥമല്ല. അതിന്റെ പ്രമേയം അതിഭൗതികവും ആത്മീയവുമായ രഹസ്യങ്ങളും ധർമശാസ്ത്രവുമാണ്. അതിനുള്ള ഭാഷയും ശൈലിയുമാണ് ഖുർആൻ ഉപയോഗിച്ചിട്ടുള്ളത്. ആത്മാവും ശരീരവും എന്ന പോലെ രണ്ടും-ഭൂതവും അതിഭൂതവും-അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. അവനാണ് രണ്ടിന്റെയും സ്രഷ്ടാവ്. രണ്ടിന്റെയും ഘടനയും പ്രകൃതിയും ഏറ്റം സൂക്ഷ്മമായറിയുന്നത് അവനാണ്. അതിനാൽ ഭൗതിക കാര്യങ്ങളിലോ അതിഭൗതിക കാര്യങ്ങളിലോ അവന്റെ വചനം തെറ്റാവുക അസംഭവ്യമാകുന്നു. രണ്ടും പരസ്പര പൂരകമായേ വരൂ. പദാർഥങ്ങളുടെ ഭൗതിക ഘടനയും നിയമങ്ങളും മനസ്സിലാക്കാനും, അവയെ ജീവിതം കൂടുതൽ സുഖകരവും വികസ്വരവുമാക്കാൻ പ്രയോജനപ്പെടുത്താനുമുള്ള കഴിവ് അല്ലാഹു മനുഷ്യനിൽ തന്നെ നിക്ഷേപിച്ചിട്ടുണ്ട്. അതിനു വേദഗ്രന്ഥങ്ങളുടെയോ പ്രവാചകന്മാരുടെയോ ആവശ്യമില്ല. അതിഭൗതിക രഹസ്യങ്ങളും ധാർമിക നിയമങ്ങളും മനസ്സിലാക്കാനും പ്രയോജനപ്പെടുത്താനുമുള്ള കഴിവും ഒരളവോളം മനുഷ്യന്ന് നൽകിയിട്ടുണ്ട്. എങ്കിലും അതു പൂർണമാകാൻ അതിഭൗതിക ലോകത്തുനിന്നുള്ള മാർഗദർശനവും കൂടിയേ തീരൂ. ഈ ആവശ്യം നിവർത്തിക്കാനാണ് പ്രവാചകന്മാരെ നിയോഗിച്ചതും വേദഗ്രന്ഥങ്ങളവതരിപ്പിച്ചതും. വേദത്തിൽ ആത്മീയാശയങ്ങളും ധാർമിക മൂല്യങ്ങളും വിശദീകരിക്കാൻ അവതരിപ്പിച്ച വചനങ്ങളെ മനുഷ്യൻ കണ്ടെത്തിയ പദാർഥ നിയമങ്ങളുമായി യോജിപ്പിക്കാൻ പാടുപെടേണ്ട കാര്യമില്ല. ഇന്നു ശാസ്ത്ര സത്യമായി കരുതിയ കാര്യം നാളെ അസത്യമാണെന്ന് തെളിഞ്ഞെന്നു വരാം. അതുപോലെ സ്ഥിരപ്പെട്ട ശാസ്ത്ര സത്യത്തിന് നിരക്കാത്ത പരാമർശം ഖുർആനിൽ കണ്ടാൽ ഖുർആൻ സംസാരിക്കുന്നത് ആ ശാസ്ത്രത്തെക്കുറിച്ചല്ല എന്ന യാഥാർഥ്യം മനസ്സിലാക്കുകയാണ് വേണ്ടത്. അല്ലാതെ ജഡിലമായ വ്യാഖ്യാനങ്ങൾ കൊണ്ട് അതിനെ സമീകരിക്കാൻ ശ്രമിക്കേണ്ടതില്ല.

നന്നായി ചിന്തിച്ചുനോക്കിയാൽ ഖുർആൻ പ്രബോധനം ചെയ്യുന്ന മൂന്ന് കാര്യങ്ങൾക്കുള്ള ഗോചരമായ തെളിവാണ് ഈ സൂക്തം അവതരിപ്പിക്കുന്നതെന്നു കാണാം. അതിൽ ഒന്ന് ദൈവത്തിന്റെ ഏകത്വമാണ്. ഭൂമിക്കും ആകാശത്തിനും വെവ്വേറെ ദൈവങ്ങളായിരുന്നുവെങ്കിൽ അവ തമ്മിൽ കാണപ്പെടുന്ന ഈ പാരസ്പര്യവും പൂരകത്വവും നിലനിൽക്കുമായിരുന്നില്ല. ഭൂമിയിൽ സസ്യലതാദികളും ജീവജാലങ്ങളും ഉളവാകുന്നതിനും നിലനിൽക്കുന്നതിനും അനിവാര്യമായ ജലം ചൊരിഞ്ഞു കൊടുക്കുന്നത് ആകാശമാണ്. സൂര്യൻ പ്രസരിപ്പിക്കുന്ന താപത്തിനും, ഭൂമിയും സൂര്യനും തമ്മിലുള്ള നിശ്ചിതമായ അകലത്തിനുമൊക്കെ ഭൂമിയുടെ ജലസേചനത്തിൽ വലിയ പങ്കുണ്ട്. ആകാശ ഭൂമികൾ തമ്മിലുള്ള ദാമ്പത്യസമാനമായ ഈ ഇണക്കവും സഹകരണവും സമരസവും, ഇവ രണ്ടിന്റെയും സ്രഷ്ടാവും ഉടമസ്ഥനും ഒരേ ശക്തിയാണെന്നും അവയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ആ ശക്തിയുടെ മാത്രം ഇഛയാണെന്നും അസന്ദിഗ്ധമായി സാക്ഷ്യപ്പെടുത്തുന്നു. മരണാനന്തര ജീവിതത്തിനുള്ള സാക്ഷ്യമാണ് രണ്ടാമത്തേത്. ഈർപ്പവും നീരുമില്ലാതെ വരണ്ടുണങ്ങിയ അഥവാ മൃതമായ ഭൂമി നാളുകൾക്കുശേഷം വീണ്ടും നീർച്ചാലുകളാലും സസ്യലതാദികൾ മുളച്ചുപൊന്തിയും ഉയിർത്തെഴുന്നേൽക്കുന്നുവെങ്കിൽ അത് മരിച്ചവർ വീണ്ടും ജീവിക്കുമെന്നതിന്റെ അനിഷേധ്യമായ സാക്ഷ്യമാകുന്നു. മൂന്നാമതായി സാക്ഷ്യപ്പെടുത്തുന്നത് മനുഷ്യന്റെ ഉത്തരവാദിത്വത്തെ- Accountability- യാണ്. ദൈവം തന്റെ ഭൂമിയെയും ആകാശത്തെയും സൂര്യചന്ദ്രന്മാരെയും വായു, വെള്ളം മുതലായവയെയും മനുഷ്യന്റെ സുഗമവും വികസ്വരവുമായ വാഴ്‌വിനുവേണ്ടി ഇത്രയൊക്കെ സഗൗരവമായും യുക്തിയുക്തമായും ആസൂത്രിതമായും ഏർപ്പെടുത്തുന്നുവെങ്കിൽ ഇതിന്റെയെല്ലാം ലക്ഷ്യമായ മനുഷ്യൻ അലക്ഷ്യനും ഒരു വിധിക്കും വിധേയനല്ലാത്തവനും ആരോടും ഉത്തരം ബോധിപ്പിക്കേണ്ടതില്ലാത്തവനുമാണെന്ന് കരുതുന്നത് എന്തുമാത്രം യുക്തിവിരുദ്ധവും ബുദ്ധിശൂന്യവുമാണ്! ഈ ആശയം സൂറഃ *ഖാഫി*ൽ ഇങ്ങനെ അവതരിപ്പിച്ചിട്ടുണ്ട്:

وَنَزَّلْنَا مِنَ السَّمَاءِ مَاءً مُّبَارَكًا فَأَنبَتْنَا بِهِ جَنَّاتٍ وَحَبَّ الْحَصِيدِ ﴿٩﴾ وَالنَّخْلَ بَاسِقَاتٍ لَّهَا طَلْعٌ نَّضِيدٌ ﴿١٠﴾ رِّزْقًا لِّلْعِبَادِ ۖ وَأَحْيَيْنَا بِهِ بَلْدَةً مَّيْتًا ۚ كَذَٰلِكَ الْخُرُوجُ ﴿١١﴾

(മാനത്തുനിന്നും നാം അനുഗൃഹീതമായ ജലമിറക്കി. അതുവഴി തോട്ടങ്ങളും കൊയ്തെടുക്കുന്ന ധാന്യവിളകളും അടുക്കടുക്കായി ഫലങ്ങൾ തിങ്ങിയ കുലകൾ തൂങ്ങുന്ന നീണ്ടുയർന്ന ഈത്തപ്പനകളും വളർത്തി. അടിമകൾക്കന്നം ലഭിക്കാനുള്ള ഏർപ്പാടായിട്ടാണിത്. ഈ ജലത്താൽ നാം മൃതമായി കിടക്കുന്ന ഭൂമിയെ സജീവമാക്കുന്നു. ഇതേ പ്രകാരമത്രെ മരിച്ചവരുടെ ഉയിർത്തെഴുന്നേൽപ്പും-50:9-11). ■